# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.567 — 06.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2012–2013 സാമ്പത്തിക വർഷത്തെ ചെലവ്

| | | |
|---|---|---|
| (എ) | 2012–2013 സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് നിയമസഭ പാസ്സാക്കിയ മൊത്തം തുക എത്രയായിരുന്നു; അതിൽ 2012 ഡിസംബർ 31 വരെ ചെലവഴിച്ച മൊത്തം തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | 2012–13 ബഡ്ജറ്റിലും രണ്ട് ഉപധനാഭ്യർത്ഥനകളിലുമായി ചെലവഴിക്കുന്നതിന് നിയമസഭ പാസ്സാക്കിയ മൊത്തം തുക 69764.18 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2012 ഡിസംബർ 31 വരെ ചെലവഴിച്ച ആകെ തുക 40338.84 കോടി രൂപയാണ്. |
| (ബി) | 2012–13 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇതുവരെ ചെലവഴിക്കപ്പെട്ട മൊത്തം തുക എത്ര; | സാമ്പത്തിക വർഷാവസാനത്തിനു ശേഷം മാത്രമേ 2012–13 ൽ ചെലവഴിക്കപ്പെട്ട മൊത്തം തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |
| (സി) | നിയമസഭ പാസ്സാക്കിയ തുകയുടെ എത്ര ശതമാനം വർഷാവസാന കണക്കുപ്രകാരം ഇതുവരെ ചെലവഴിക്കുകയുണ്ടായി ? | 2012–13 ബഡ്ജറ്റിലും രണ്ട് ഉപധനാഭ്യർത്ഥനകളിലുമായി ചെലവഴിക്കാനായി നിയമസഭ പാസ്സാക്കിയ തുകയിൽ 57.82 ശതമാനം (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) 2012 ഡിസംബർ 31 വരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ